**പതിമൂന്നാം കേരള നിയമസഭ**
**പന്ത്രണ്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3036 11.12.2014 -ലെ മറുപടിയ്ക്ക്

**ബി.എഡ്. സെന്ററുകളുടെ അംഗീകാരം**

*ചോദ്യം*
ശ്രീമതി.പി. അയിഷാ പോറ്റി :

*ഉത്തരം*
ശ്രീ. പി.കെ. അബ്ദു റബ്ബ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കേരള സർവ്വകലാശാലയുടെ കീഴിലുള്ള പത്ത് ബി.എഡ്. സെന്ററുകളുടെ അംഗീകാരം നിലനിർത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | (എ), | അംഗീകാരം പുനസ്ഥാപിക്കുന്നതിന് സർവ്വകലാശാല NCTE മുമ്പാകെ അപ്പീൽ സമർപ്പിക്കുകയും പ്രസ്തുത അപ്പീലിൽ NCTE 24.11.2014 ൽ സർവ്വകലാശാലയുടെ ഭാഗം കേൾക്കുകയുമുണ്ടായി. ബഹു. മുഖ്യ മന്ത്രിയുടെ നേതൃത്വത്തിൽ സംസ്ഥാനത്തുനിന്നുള്ള സംഘം കേരളത്തിന്റെ ആവശ്യങ്ങൾ ഉന്നയിക്കുന്നതിനായി ബഹു. പ്രധാനമന്ത്രിയുമായും കേന്ദ്ര മന്ത്രിമാരുമായി കൂടികാഴ്ച നടത്തിയ വേളയിൽ കേരള യൂണിവേഴ്സിറ്റി കോളേജ് ഓഫ് ടീച്ചർ എഡ്യൂക്കേഷന്റെ 10 സ്ഥാപനങ്ങൾക്കും തുടർ അംഗീകാരം നൽകണമെന്ന വിഷയം വളരെ പ്രാധാന്യത്തോടെ ബഹു. കേന്ദ്ര മാനവശേഷി വകുപ്പ് മന്ത്രി മുമ്പാകെ അവതരിപ്പിച്ചിട്ടുമുണ്ട്. |
| (ബി) | പ്രസ്തുത സെന്ററുകളിൽ പ്രവേശനം നടത്തരുതെന്ന കോടതി ഉത്തരവുകൾ നിലവിൽ ഉണ്ടോ; | (ബി) | WP(c) 26542/13 നം. കേസിന്മേലുള്ള ബഹു. ഹൈക്കോടതിയുടെ 11.04.2014 ലെ വിധി പ്രകാരമാണ് കേരള സർവ്വകലാശാലയുടെ 10 ബി.എഡ് സെന്ററുകൾക്ക് 2014-15 അദ്ധ്യയന വർഷം മുതൽ അംഗീകാരം പിൻവലിച്ചുകൊണ്ട് NCTE ഉത്തരവിട്ടത്. NCTE യുടെ അംഗീകാരം ലഭിക്കാത്ത പക്ഷം അഡ്മിഷൻ നടത്താൻ സാധിക്കുകയില്ല. |
| (സി) | പ്രസ്തുത സെന്ററുകളിൽ ബി.എഡ്. പ്രവേശനം തടസ്സപ്പെടാതിരിക്കാൻ കേന്ദ്രമാനവശേഷി മന്ത്രാലയത്തിൽ നിന്നും അനുകൂല നിലപാട് ലഭിച്ചിരുന്നോ; | (സി) | കേന്ദ്ര മാനവശേഷി മന്ത്രാലയത്തിൽ നിന്നും ഇതു സംബന്ധിച്ച തീരുമാനങ്ങളൊന്നും ഇതുവരെ ലഭ്യമായിട്ടില്ല. |

| | | | |
|---|---|---|---|
| (ഡി) | പ്രസ്തുത സ്ഥാപനങ്ങളിലെ അദ്ധ്യാപകരെ സ്ഥിരപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ? | (ഡി) | കേരള യൂണിവേഴ്സിറ്റി കോളേജ് ഓഫ് ടീച്ചർ എഡ്യൂക്കേഷനുകൾ കേരള സർവ്വകലാശാല നേരിട്ട് നടത്തുന്ന സ്വാശ്രയ സ്ഥാപനങ്ങളായതിനാൽ കരാർ അടിസ്ഥാനത്തിൽ താൽക്കാലികമായിട്ടാണ് അധ്യാപകരെ നിയമിച്ചിരുന്നത്. പ്രസ്തുത സ്ഥാപനങ്ങൾക്കുള്ള അംഗീകാരം നഷ്ടമായതിനാൽ അധ്യാപകരുടെ കരാർ പുതുക്കി നല്കാൻ കഴിയില്ല എന്ന് സർവകലാശാല അറിയിച്ചിട്ടുണ്ട് |

സെക്ഷൻ ഓഫീസർ